പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 402 — 12.06.2012-ൽ മറുപടിയ്ക്ക്

പുനരാവിഷ്കൃത ത്വരിത ഊർജ്ജ വികസന നവീകരണ പരിപാടി.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മുല്ലക്കര രത്നാകരൻ :<br>ശ്രീ. കെ. അജിത് :<br>ശ്രീമതി. ഗീതാ ഗോപി :<br>ശ്രീ. ചിറ്റയം ഗോപകുമാർ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും<br>വകുപ്പു മന്ത്രി) |
| (എ) വൈദ്യുതി വിതരണം മെച്ചപ്പെടുത്താനും പ്രസരണ നഷ്ടം കുറയ്ക്കാനുമുള്ള ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട് ; ഇതിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണ് ; | (എ) പ്രസരണ-വിതരണ നഷ്ടം കുറച്ച് വൈദ്യുതി വിതരണം കാര്യക്ഷമമാക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പുനഃക്രമീകൃത ഊർജ്ജ വികസന പരിഷ്ക്കരണ പദ്ധതി (ആർ.എ. പി.ഡി.ആർ.പി). |
| (ബി) പുനരാവിഷ്കൃത ത്വരിത ഊർജ്ജ വികസന നവീകരണ പരിപാടി സംസ്ഥാനത്ത് നടപ്പാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചതെന്നാണ് ; | (ബി) 2009 ആഗസ്റ്റ് മാസത്തിൽ ആരംഭിച്ചു. |
| (സി) ഈ പദ്ധതി യഥാസമയം നടപ്പാക്കാൻ കഴിയാതെ പോയതെന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ; | (സി) ഹൈക്കോടതിയിൽ ഇതു സംബന്ധിച്ച് കേസ് നിലനിന്നിരുന്നതാണ് പദ്ധതി യഥാസമയം നടപ്പാക്കാൻ കഴിയാതെ പോയത്. |
| (ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലൂടെ സംസ്ഥാനത്തെ വൈദ്യുതി പ്രസരണ-വിതരണ രംഗത്ത് എന്തെല്ലാം നേട്ടമുണ്ടാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ; ഈ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നും എന്തു സഹായം ലഭിച്ചിട്ടുണ്ട് ? | (ഡി) പദ്ധതിയുടെ ഒന്നാം ഭാഗത്തിൽ വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ എനർജി അക്കൗണ്ടിംഗ്, ഓഡിറ്റിംഗ്, ഉപഭോക്തൃ സേവന കേന്ദ്രം തുടങ്ങിയ പ്രവൃത്തികൾ നടപ്പാക്കുന്നതിലൂടെ വിതരണ രംഗത്ത് കാര്യക്ഷമത ഉറപ്പാക്കി, മെച്ചപ്പെട്ട സേവനം ഉപഭോക്താക്കൾക്ക് നല്കുവാൻ കഴിയും. കൂടാതെ നഗരപ്രദേശത്തെ വൈദ്യുതി വിതരണ ശൃംഖലയുടെ ഓട്ടോമാറ്റിക് കൺട്രോൾ വഴി വിതരണരംഗത്ത് കാര്യക്ഷമത വർദ്ധിക്കുകയും ഗുണമേന്മയുള്ള വൈദ്യുതി തടസ്സമില്ലാതെ ലഭിക്കുകയും ചെയ്യും.<br>പദ്ധതിയുടെ രണ്ടാം ഭാഗം നടപ്പിലാക്കുന്നതിലൂടെ വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുകയും സാങ്കേതിക വാണിജ്യ നഷ്ടം 15% ആയി കുറയുകയും ചെയ്യും. |

പദ്ധതിയുടെ ഒന്നാം ഭാഗത്തിലെ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി 288.33 കോടി രൂപയുടെ പദ്ധതികൾക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ 214.40 കോടി രൂപ കേന്ദ്ര ഗവൺമെന്റ് ലോണായി നല്കുന്നതാണ്. ലോൺ തുകയുടെ ആദ്യ ഗഡുവായ 64.314 കോടി രൂപ കെ. എസ്. ഇ. ബിക്ക് ലഭിച്ചിട്ടുണ്ട്. കൂടാതെ ഒന്നാം ഭാഗത്തിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലും പരിസര പ്രദേശങ്ങളിലും SCADA/DMS പദ്ധതി നടപ്പിലാക്കുന്നതിനായി 83.15 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത ലോൺ തുകയുടെ ആദ്യഗഡുവായ 24.94 കോടി രൂപ കെ. എസ്. ഇ. ബിക്ക് ലഭിച്ചിട്ടുണ്ട്. ഒന്നാം ഭാഗം കാലാവധിക്കുള്ളിൽ പൂർത്തിയാക്കുന്ന പക്ഷം ലോൺ തുക ഗ്രാൻറായി മാറ്റുന്നതാണ്.

പദ്ധതിയുടെ രണ്ടാം ഭാഗത്തിലെ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി 872.17 കോടി രൂപയുടെ പദ്ധതികൾക്ക് കേന്ദ്രഗവൺമെന്റിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ 218.04 കോടി കേന്ദ്ര ഗവൺമെന്റ് ലോണായി നല്കുന്നതാണ്. ലോൺ തുകയുടെ ആദ്യഗഡുവായ 130.82 കോടി രൂപ കെ. എസ്. ഇ. ബിയ്ക്ക് ലഭിച്ചിട്ടുണ്ട്. രണ്ടാം ഭാഗം വിജയകരമായി പൂർത്തിയാക്കുന്ന പക്ഷം പദ്ധതി തുകയുടെ 50% വരെ ഗ്രാൻറായി മാറ്റുന്നതാണ്.

സെക്ഷൻ ഓഫീസർ.